കായംകുളം കായലിലെ മൽസ്യബന്ധനം

1138 [2070] ശ്രീ. കെ. പി. പ്രഭാകരൻ:
,, എം. കെ. കേശവൻ:
,, കാനം രാജേന്ദ്രൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽ മൽസ്യബന്ധനം നടത്തി ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്ന എത്ര മൽസ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്;

(ബി) അഴിമുഖവുമായി ബന്ധപ്പെട്ടു കിടക്കുന്ന കായംകുളം കായൽ പ്രദേശത്ത് ഫിഷിംഗ് ഹാർബർ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നുമുതലാണ് നടപടികൾ ആരംഭിച്ചത്;

(ഡി) ഈ പ്രദേശത്ത് എത്ര ഏക്കർ സ്ഥലം നികത്തിയിട്ടുണ്ട്;

(ഇ) എത്ര ഏക്കർ സ്ഥലം ബണ്ട് കെട്ടി നികത്തിക്കൊണ്ടിരിക്കുന്നു;

(എഫ്) ഇങ്ങനെ നികത്തുന്നതുമൂലം തൊഴിൽ രഹിതരാകുന്ന മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1400 (ആയിരത്തി നാനൂറ്) കുടുംബങ്ങൾ.

(ബി) കായംകുളം കായൽ പ്രദേശത്ത് ഫിഷിംഗ് ഹാർബർ പണിയുന്നതിനായി അന്വേഷണഗവേഷണങ്ങൾ 1981–82–ൽ ആരംഭിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. മാതൃകാപഠനം നടത്തുന്നതിനായി ലാൽബഹദൂർ ശാസ്ത്രി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചിട്ടുണ്ട്. മാതൃകാപഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 22–6–1981–ൽ അന്വേഷണഗവേഷണ പ്രവർത്തനത്തിനുള്ള ഉൽഘാടനം നടത്തുകയും തുടർന്ന് അന്വേഷണഗവേഷണം ആരംഭിക്കുകയും ചെയ്തു.

(ഡി, ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

ചാളക്കടവ് ഫിഷിംഗ് ഗ്യാപ്പ് പ്രദേശത്ത് ഒരു റോഡ്

1139 [2071] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം പഞ്ചായത്തിലെ ചാളക്കടവ് ഫിഷിംഗ് ഗ്യാപ്പ് പ്രദേശത്തേക്ക് ഒരു റോഡ് നിർമ്മിക്കുവാൻ നിർദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly